


വിശ്വാസിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലാ ജയിലിൽ നടത്തിയ ഭാൻസൂരി ബാൻഡിന്റെ 'രാഗ റിജുവിനേറ്റ്' സംഗീതപരിപാടിയിൽ ജയിൽ സൂപ്രണ്ട് മുഹമ്മദ് സിയാദ് പ്രസംഗിക്കുന്നു.

# സംഗീതം മാനസിക സംഘർഷം ലഘൂകരിക്കും: രാജ് സി.മേനോൻ

പാലക്കാട് ● മാനസിക സംഘർഷമാണ് വ്യക്തി ജീവിതത്തിലെയും സമൂഹത്തിലെയും പല പ്രശ്നങ്ങൾക്കും കാരണമെന്നും സംഗീതം മാനസിക സംഘർഷത്തെ ലഘൂകരിക്കുമെന്നും ഭാൻസൂരി സംഗീതജ്ഞൻ രാജ് സി. മേനോൻ പറഞ്ഞു. വിശ്വാസിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലാ ജയിലിൽ നടത്തിയ ഭാൻസൂരി ബാൻഡിന്റെ 'രാഗ റിജുവിനേറ്റ്' സംഗീത പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജയിൽ സൂപ്രണ്ട് മുഹമ്മദ് സിയാദ് അധ്യക്ഷനായി. വിശ്വാസ് സെക്രട്ടറി ജനറൽ പി.പ്രേംനാഥ് മുഖ്യപ്രഭാഷണം നടത്തി. കെ.പി .രാജി, പി.രഘുനന്ദനൻ, മുജിബ് റഹ്മാൻ, എൻ.രാഖി എന്നിവർ പ്രസംഗിച്ചു.